**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1078** **06-10-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശവാസികളിൽ സ്വന്തമായി വീടില്ലാത്തവരുടെ കണക്ക് ലഭ്യമാക്കുമോ; | (എ) | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എൻ.ഐ.ആർ.ഡി) ന്റെ 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തു ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്നു കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും, 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു. |
| (ബി) | ഈ സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് വീട്/ഫ്ലാറ്റ് നൽകിയെന്നും ഇനിയും നൽകാനുള്ളത് എത്ര പേർക്കെന്നും എപ്പോൾ ഇവർക്ക് പാർപ്പിടം നൽകുവാൻ കഴിയുമെന്നും ഇതിനായുള്ള തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 308 വ്യക്തിഗത ഭവനങ്ങളും 303 ഫ്ലാറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ള 7716കുടുംബങ്ങളിൽ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ തലങ്ങളിലുള്ള 7100 കുടുംബങ്ങളുണ്ട്. നിലവിൽ 898 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള മുഴുവൻ കുടുംബങ്ങളേയും മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നാളിതുവരെ പുനർഗേഹം പദ്ധതി വഴി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്/ഫ്ലാറ്റ് നൽകി; വിശദാംശം വ്യക്തമാക്കുമോ? | (സി) | പദ്ധതി പ്രകാരം 29.09.2021 വരെ 616 പേർ വ്യക്തിഗത ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 303 ഫ്ലാറ്റുകൾ പൂർത്തീകരിക്കുകയും 276 എണ്ണം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുമുണ്ട് . 29.09.2021 വരെ 2378 പേർ ഭൂമി വില അംഗീകരിച്ചിട്ടുള്ളവരും, 1771 പേർ ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളവരും ആണ്.1263 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ